
# EXPRESSIONS



എല്ലാം ഓക്കെയല്ലേ മധുവേട്ടാ....
(ഉത്തരവാദിത്വബോധത്തിന്റെ മൂർത്തീഭാവമായ അഹമ്മദിക്ക)




"കുട്ട്യോള് പറഞ്ഞതൊക്കെ ആയോ ആവോ?"
(ലേഡീസ് ഹോസ്റ്റലിലെ പെൺകുട്ടികൾക്കുവേണ്ടി ഷോപ്പിങ്ങ്
നടത്തി മടങ്ങുന്ന അമ്മാമ്മ)



ഇതാണെന്റെ ലോകം...
(ക്യാമ്പസിലെ നിത്യ സന്ദർശകൻ)

ഞാൻ തന്നെ ഹീറോ....!
(വിദ്യാർത്ഥികളിൽ ഒരുവനായി തമാശകൾ വാരിവിതറി
ബൈക്കിൽ വിലസുന്ന യൂസഫ്ക്ക)






ഇന്നത്തെ വകയ്ക്കായി....
(ക്യാമ്പസിലൂടെ ഒരു കർഷകൻ)



"ഹൗ എന്തൊരു തിരക്ക്...!"
(ക്യാമ്പസ് വിട്ട് കൂടുതേടിപ്പോകുന്നവർ...)



ഉപ്പും പുളിയും പിന്നെ ഒരല്പം എരിവും....
(ഉപ്പിലിട്ട മാങ്ങയും നെല്ലിക്കയുമൊക്കെയായി 'മാങ്ങാക്കാരൻ')



അവസാന വണ്ടിയും യാത്രയായി.....
വീണ്ടുമൊരു പുലരി പ്രതീക്ഷിച്ച് അങ്ങാടി....





കാത്തിരുന്നു മുഷിഞ്ഞോ,
ക്ഷമിക്കൂ സുഹൃത്തേ....
ഈ മണ്ണിന്റെ ചരിത്രത്തിന്
മൂകസാക്ഷിയായ നീ
ആരോരുമറിയാതെ
നടന്നു നീങ്ങുന്ന എന്നെ
അരങ്ങൊഴിഞ്ഞിട്ടും
പ്രതീക്ഷ കൈവിടാതെ
കാത്തിരിക്കുന്നതെന്തിനെന്ന്
ഇനിയും മനസ്സിലാകുന്നില്ല.



ർമ്മകൾ ...
മന്ത്രിക്കുന്നതും ഇതാണോ?
ന്റെ മുൻപിൽ വിരിഞ്ഞ റോസാ പുഷ്പങ്ങളും
ൂര്യകാന്തിയുമെല്ലാമായിരുന്നില്ലേ
ാ കാമ്പസ്സിന്റെ സ്പന്ദനങ്ങൾ ...?



ഈ വഴിത്താരകൾ പിന്നിടുമ്പോഴെല്ലാം
ചുവരുകളെന്നോട് പറഞ്ഞു കൊണ്ടിരുന്നു
"നിശബ്ദത പാലിക്കുക."



ഷേക്സ്പിയർ കൃതികളിലും, ഷെല്ലിയർ കൃതികളിലും
ങ്ങിക്കിടന്ന പ്രണയം,
ണയമെന്നത് ജീവനില്ലാത്ത മൂന്നക്ഷരം മാത്രമായിരുന്നപ്പോഴും
ാ മടിത്തട്ട് എനിക്ക് പ്രിയപ്പെട്ടതായിരുന്നു.



ആ നയനങ്ങൾ എന്റെ ഹൃദയത്തിലുടക്കും വരെ എനിക്ക് നീ വെറുമൊരു കവലയായിരുന്നു. മണി മുഴങ്ങും വരെ ബിസ്സിനസും, സാമൂഹികവും, സ്റ്റാറ്റിയും, കമ്പ്യൂട്ടറും, സാമ്പത്തികവും ഒത്തുകൂടുന്ന കവല. ഞെട്ടലോടെ പിൻവലിയുന്ന നിന്റെ കണ്ണുകൾ ഈ കാറ്റാടിച്ചില്ലകൾക്ക് പുതിയ അർത്ഥങ്ങൾ നൽകി.



നിശബ്ദതയിൽ ഉയരുന്ന നിന്റെ ശബ്ദം ... നിന്റെ ഗന്ധം... നിന്റെ ശ്വാസം...
എല്ലാം എന്റേതായ നിമിഷങ്ങൾ ... കണക്കുകൾക്കതീതമായ പ്രണയ കാവ്യങ്ങളുടെ
കലവറയായ നിനക്ക് എന്റെയീ സമസ്യക്ക് ഉത്തരം കണ്ടെത്താൻ
ആവില്ലെന്നോ? അതോ അറിഞ്ഞിട്ടും മിണ്ടാതിരിക്കുകയാണോ?



വെറും സൗഹൃദമനോഭാവമായിരുന്നു അന്ന്, സത്യമായിട്ട്
എങ്കിലും ഞങ്ങളീ വഴി നടക്കുമ്പോഴെല്ലാം ഞാനാശിച്ചി
ഈ വഴി അവസാനിച്ചിരുന്നില്ലായിരുന്നെങ്കിൽ...



എനിക്കപരിചിതമായ മൂന്നക്ഷരത്തിന് ജീവൻവച്ചു തുടങ്ങിയ നാൾ
ആദ്യം ഞാൻ ഓടിച്ചെന്നു പറഞ്ഞത് നിന്റെയീ കൽപ്പടവുകളോടായിരുന്നില്ലേ....?



സുഹൃത്തുക്കളോടൊന്നിച്ച് ചിലവഴിച്ച
ആ നിമിഷങ്ങളിൽ നിന്റെ നയനങ്ങൾ നോക്കി മാത്രം
ഞാനിരുന്നത് ഒരു പക്ഷെ എന്റെ സഖാക്കൾ
കണ്ടില്ലെങ്കിലും നിങ്ങൾ ശ്രദ്ധിച്ചിരിക്കും.



പറയാതിരുന്ന പ്രണയത്തിന് തിരശ്ശീല വീണ
വഴിയോരം...
ഇവിടെ വെച്ചായിരുന്നില്ലേ സുഹൃത്തിന് കിട്ടയ പ്രണയ ലേ
ആവേശത്തോടെ വായിച്ചു തീർത്തത്.
എഴുത്തിന്റെ ഒടുവിൽ കിടന്ന നിന്റെ നാമധേയത്തിനു മു
വീണ എന്റെ കണ്ണുനീർ നീ കണ്ടിരുന്നോ?
മുൻപേ നടന്ന എന്റെ സുഹൃത്ത് അത് കണ്ടിരിക്കില്ല.

"

വാകമരങ്ങൾ പൂക്കുമ്പോൾ ഈ പടിയിറങ്ങേണ്ടി വരുമെന്നത് സത്യം. ജീവിതത്തിന്റെ മഞ്ഞു പെയ്ത സങ്കൽപ്പങ്ങൾക്കിടയിൽ ഈ മൂന്നു വർഷം. പ്രണയത്തിനും, സൗഹൃദത്തിനുമെല്ലാമപ്പുറം ഇനി ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലേക്കുള്ള യാത്ര....

ഏതൊക്കെ വാതിലുകൾ മുട്ടിവിളിക്കണമെന്ന് തീർച്ചയില്ല. ഒടുവിൽ എരിയുന്ന വയറിന്ന് മറുപടി മഞ്ഞു പെയ്ത ഈ സ്വപ്നങ്ങൾക്ക് തരാൻ കഴിയുമോ....?

"

.................... തയ്യാറാക്കിയത്

അനീസ് കെ. മുഹമ്മദ് കുട്ടി
(ഒന്നാം വർഷ ഇംഗ്ലീഷ്)

സഞ്ജുന.എം.
(ഒന്നാം വർഷ സോഷ്യോളജി)

സുഹേൽ പി.
(രണ്ടാം വർഷ ഇംഗ്ലീഷ്)

## പാഷ സാർ പടിയിറങ്ങുമ്പോൾ...

അജ്ഞാതനായ വേട്ടക്കാരനാൽ അമ്പേറ്റ പ്രാവുകൾക്ക് ആശ്വാസവുമായി വന്ന ഒരാൾ ഇന്നലെ പടിയിറങ്ങിപ്പോയി.

ഈ വിശ്വദേവാലയത്തിൽ നിന്നോരർച്ചനാ
പുഷ്പം ഈ പുണ്യഭൂമിയിൽ നിന്നൊരു പിടിമണ്ണ്
ഈ ഇഷ്ടപ്രണയിനിയിൽ നിന്നൊരു നിശ്വാസം
ഒന്നുംമെടുക്കാതെ, താഴിട്ടുപൂട്ടി,
താക്കോലേല്പിച്ച്, ശുദ്ധമായ
കൈകളുമായി
"എന്റെയല്ലെന്റെയല്ലീകൊമ്പനാനകൾ
എന്റെയല്ലീമഹാക്ഷേത്രവും മക്കളെ"

എന്ന് അക്കിത്തത്തിന്റെ മേശാന്തിയെപ്പോലെ മന്ത്രിച്ച്, ഗർഭഗൃഹത്തിലുറങ്ങുന്ന ഈശ്വരനെ മനസ്സിൽ പ്രതിഷ്ഠിച്ച്, എന്നും വഴികാട്ടിയായ വേദഗ്രന്ഥം മുറുകെപ്പിടിച്ച്, കരളുരുകാതെ കാലിടറാതെ പടിയിറങ്ങി.

അദ്ദേഹം ഒരിക്കലും സന്തോഷവാനായിരുന്നില്ല. അക്ഷരങ്ങൾ വെയിൽവിരിച്ച ഇടനാഴികളിലൂടെ നടക്കുമ്പോഴും. ചാവോക്ക് മരങ്ങൾ തണൽ വിരിച്ച രാജപാതയിലൂടെ സഞ്ചരിക്കുമ്പോഴും അദ്ദേഹത്തിന്റെ മനസ്സിൽ മാത്രം സംതൃപ്തി കടന്നുവന്നിരുന്നില്ല. സന്തോഷവും സമാധാനവുമില്ലാതെ, അന്വേഷണത്തിന്റെ അശാന്തി നിറഞ്ഞ മനസ്സുമായി അലഞ്ഞുനടന്നു.

ജീവിതത്തിൽ എന്നെങ്കിലും ആ മനസ്സിലെ തിരകളടങ്ങിയതായി കരുതുക വയ്യ.

ഒരു പക്ഷേ പണ്ട്....... പണ്ട് വളരെ പണ്ടെന്നോ ഒരു കൊച്ചുബാലനായി പിതാവിന്റെ കൈപിടിച്ച് കല്പാത്തിയിലെ രഥോത്സവസന്ദർഭങ്ങളിലെങ്ങോ കൈയിൽ വന്നുപെട്ട ഒരു കളിപ്പാട്ടത്താൽ ആഹ്ളാദഭരിതനായിരുന്നിട്ടുണ്ടാവാം.

അല്ലെങ്കിൽ


പാലക്കാടൻ അഗ്രഹാരങ്ങളിലെബ്രാഹ്മണക്കുട്ടികളുമായി ചങ്ങാത്തം കൂടി അതിസമ്പന്നമായ സംഗീതധാരകളിൽ ലയിച്ച് ആൽത്തറമേൽ വൈകുന്നേരങ്ങളിൽ..... സന്ധ്യകളിൽ.... പാതിരാത്രികളിൽ പ്രശാന്തമായ മനസ്സുമായി കിടന്നിട്ടുണ്ടാകാം.

We Terribly miss your sir എന്ന് മൊബൈലിൽ വന്ന ഒരു സന്ദേശം- ചരിത്രനായകനല്ല ഞങ്ങളുടെ പ്രിയങ്കരനായ ഗുരുവാണ് പടിയിറങ്ങുന്നതെന്ന് ശിഷ്യഗണങ്ങൾ കുത്തിക്കുറിച്ചയച്ച ഒരു കത്ത്-

താങ്കളുടെ ഇടപെടൽ കൊണ്ടാണ് ഈ കുടുംബം ഇന്ന് ഇങ്ങനെ നിലനിൽക്കുന്നത് എന്ന അനാഥമക്കളുടെ പ്രാർത്ഥനാ നിർഭരമായ വചനം. താങ്കളുണ്ടായിരുന്നില്ലെങ്കിൽ എനിക്കൊരു തിരിച്ചുവരവുണ്ടാകുമായിരുന്നില്ല. എന്ന ഹോസ്റ്റൽ മുത്തശ്ശിയുടെ വാക്ക് വിദ്യക്കും വിശപ്പിനും പരിഹാരം കണ്ടെത്തിയ അന്ധവിദ്യാർത്ഥികളുടെ കൃതജ്ഞതാനിർഭരമായ ചിരി, ആശുപത്രിക്കിടക്കയിൽ ആശ്വാസവുമായെത്തുമ്പോൾ ആലംബമറ്റ രോഗിയുടെ ആഹ്ലാദാശ്രുക്കൾ- ഇവയൊക്കെ ജീവിതയാത്രകയ്ക്കിയിൽ കുസുമ പാതകളായിത്തീരുമെന്നറിയുമ്പാഴും അദ്ദേഹംസന്തോഷവാനോ സംതൃപ്തനോ, ആയിരുന്നില്ല. ജന്മാരങ്ങൾക്ക് മുമ്പെന്നോ ഈ അശാന്തി അദ്ദഹത്തെ പിടിക്കൂടിയിരുന്നു. അതുകൊണ്ടു ഒരു വസ്തുവിനോടൊ ഒരുവ്യക്തിയോടോ, ഒരു മുഹൂർത്തത്തോടോ, അമിത വൈകാരികതയോ, അടുപ്പമോ, മമതയോ വച്ചുപുലർത്താൻ അദ്ദേബത്തിനാവുമായിരുന്നില്ല.

അതുകൊണ്ട്

ആത്മാവ് പൂർവ്വാശ്രമം വിട്ടുപോകും പോലെയോ, കടത്തുകാരൻ തോണിയും തുഴയും ഉപേക്ഷിച്ച് കാടുകയറുംപോലയോ, തികച്ചും സ്വാഭാവികമായി, നിസംഗനായി, നിർവികാരനായി പടിയിറങ്ങാൻ അദേഹത്തിന് കഴിഞ്ഞു. ഈ അറിവിന്റെ പൂവാടി മനസ്സ് തുറന്നുനൽകിയ സ്നേഹം കലർന്ന പുഞ്ചിരി അദ്ദേഹത്തിന്റെ മനസ്സിൽ എന്നും മായാതുണ്ടാകും. അരികിലുണ്ടായിരുന്നവർ ഹൃദയം കൊണ്ടനുഗ്രഹിച്ച് നൽകിയ പിന്തുണ അദ്ദേഹത്തിന് മറക്കാനാകില്ല. ഇത്രയും ആദരമുള്ള മറ്റൊരു സ്ഥലവും ഇതുപോലെ ആകർഷിക്കുകയും വശീകരിക്കുകയും, അപഹരിക്കുകയും അമൂല്യമായ അനുഭവങ്ങൾ മടക്കിത്തരികയും, വരുംകാലത്തേയ്ക്ക് ഊർജ്ജം നിറച്ചുതരികയും ചെയ്യുന്ന മറ്റൊരിടം അദ്ദേഹത്തിനുണ്ടാകുകയില്ലായിരിക്കാം. എന്നിട്ടും സ്ഥാനമാനങ്ങളുടെ മൂടുപടം വലിച്ചെറിയാൻ ആഗ്രഹിച്ചു. ആലങ്കാരികമായ ആഭരണങ്ങൾ പൊട്ടിച്ചെറിയാൻ തയ്യാറായി. വശീകരണശക്തിയുള്ള ഭൂതകാലത്തിന്റെ കെട്ടുപാടുകളിൽനിന്ന് രക്ഷപ്പെടാൻ തിടുക്കം കാണിച്ചു. മറ്റാരുടെയും ചിന്ത കടമെടുക്കാതെ, ആരുടെയും ഭാഷ സംസാരിക്കാതെ, ആരെയും അനുകരിക്കാതെ സ്വന്തം ജീവിതശക്തിയെ വിലയിരുത്തുകയും സ്വന്തം മാർഗ്ഗം കണ്ടെത്തുകയും സ്വന്തം ലക്ഷ്യത്തിനായി അനവരതം പ്രയത്നിക്കുകയും ചെയ്തു. സ്വതന്ത്രനായ, പച്ചയായ, സാധാരണക്കാരനായ മനുഷ്യനാകാൻ 'എല്ലാം ത്യജിച്ചൊരു മനുഷ്യനാകാൻ' ആഗ്രഹിച്ചു. ആർജ്ജവത്തിന് ഒരു നിയമവും തടസ്സമല്ലെന്ന് ആൽബേർ കാമു പറഞ്ഞു. അതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ കാതൽ. അതുമാത്രമായരുന്നു സ്വന്തം ചെയ്തികളുടെ ന്യായീകരണം. ആൾക്കൂട്ടത്തിന്റെ അളവുകോലുകൾക്കപ്പുറമായിരുന്നു ആ വ്യക്തിത്വം.



അഹങ്കാരമെന്നും, അഹംഭാവമെന്നും, അസഹിഷ്ണുതയെന്നും ഒരുപാടൊരുപാട് തെറ്റിദ്ധരിക്കപ്പെട്ടുപോയി, കെട്ടുപിണഞ്ഞുകിടക്കുന്ന ഈ വൈകാരികസമസ്യയെ ഇഴപിരിച്ച് വിശകലനം ചെയ്യാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. തന്റെ ഉണ്മയുടെ ജനിതക സത്തയായി അതിനെ ഏറ്റുവാങ്ങുക മാത്രമാണ് തന്റെ വിധിയെന്ന് വിശ്വസിച്ചു. അനുകമ്പ, താല്പര്യം, സഹാനുഭൂതി ഇതൊക്കെ സാധാരണക്കാർക്കുവേണ്ടി വീതിച്ചു നൽകി. ദൈവത്തിന്റെ ശുപാർശയുമായി കടന്നുവരുന്ന ഇത്തരക്കാരുടെ വേദനകൾ അദ്ദേഹം സ്വയം ഏറ്റെടുത്തു. അതുകൊണ്ട്, അബലനും അശരണനും അവശനും അന്ധനും എല്ലാം അദ്ദേഹത്തെ തൊട്ടുരുമ്മി നിന്നിരുന്നു. സമ്പത്തിന്റെയും, സ്ഥാനത്തിന്റെയും അധിനിവേശത്തെ നിരാകരിച്ചുകൊണ്ട് വിരുദ്ധ നിലപാടുകളുടെ ഊഷ്മളത അനുഭവിച്ചറിഞ്ഞു. ഇറ്റലോ കാൽവിനോ പറഞ്ഞു. "പറയേണ്ടത് മുഴുവൻ പറഞ്ഞു തീർക്കാത്ത പുസ്തകത്തെയാണ് ക്ലാസിക് എന്നു പറയുന്നത്." ആ അർത്ഥത്തിൽ അദ്ദേഹം ഒരു ക്ലാസിക് ആയിരുന്നു. നിഗൂഢതകൾ നിറഞ്ഞ ഒരു രഹസ്യപേടകമാണാ ജീവിതം. ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന ഐസ് കട്ട പോലെയാണാ മനസ്സ്. "മുന്നോട്ട്.... മുന്നോട്ട്" എന്ന് അന്തരാത്മാവ് അദ്ദേഹത്തോട് ശബ്ദിച്ചു കൊണ്ടേയിരിക്കുന്നു. ഹൃദയത്തിൽ ഉടയാത്തൊരു ദൈവവിഗ്രഹം, കൈകളിൽ വഴികാട്ടിയായി വേദഗ്രന്ഥം, വഴിത്താരകളെ സുഗമമാക്കാൻ ആലംബമറ്റവന്റെ പ്രാർത്ഥനകൾ "മുന്നോട്ട് ...... മുന്നോട്ട്" അപ്രതിക്ഷിത നിമിഷങ്ങളിൽ മാലാഖമാർ ഇനിയും സമ്മാനപ്പൊതിയുമായി കടന്നുവരും. ദൈവത്തിന്റെ ഖജനാവിൽനിന്ന് ഒരുപാടൊരുപാട് ബോണസുകൾ തുണയായി വർഷിക്കും.

"യാത്രക്കിടയിലെ ദശാസന്ധികളിൽ പതറി നിൽക്കവേ പൂവിതളിന്റെ തലോടൽപോലെ ഓമൽ ചിറകിന്റെ സാന്ത്വനം പോലെ മഞ്ഞുതുള്ളിയുടെ വിശുദ്ധിയോടെ ഞങ്ങളുടേതായൊരു പ്രാർത്ഥന കൂടി....

*-മാഗസിൻസമിതി*

# കോലായിൽ

## കാമ്പസ് ഒരവലോകനം

ഇന്നത്തെ ക്യാമ്പസുകളെ കുറിച്ച് മാഗസിൻ സമിതി ഫാറൂഖ് കോളേജിൽ നടത്തിയ സർവ്വേയാണ് ഇവിടെ രേഖപ്പെടുത്തുന്നത്

മൂലധന കേന്ദ്രീകൃതമായ സാമൂഹ്യ വീക്ഷണത്തിലൂന്നിയ കാലക്രമവും അതിന്റെ ഉത്പാദന ബന്ധങ്ങളും. നമ്മുടെ ബോധ മണ്ഡലത്തെ / സൗന്ദര്യ ബോധത്തെ മാറ്റിത്തീർത്തു കൊണ്ടിരിക്കുന്നു. മതസരാധിഷ്ഠിത അനാരോഗ്യകരമായ സമൂഹത്തെ അത് വാർത്തെടുക്കുന്നു. ഒരു വ്യവസ്ഥാപിത നിർവ്വചനത്തിൽ ഒതുങ്ങുന്നതല്ല ഇന്നത്തെ മുതലാളിത്തം. അത്രത്തോളം സങ്കീർണവും അപമാനവീകരിക്കപ്പെട്ടതുമായ അനുഭവ പരിസരങ്ങളാണ് അത് നൽകിക്കൊണ്ടിരിക്കുന്നത്. പ്രാകൃതവും ജനാധിപത്യ വിരുദ്ധവുമായ സൈനിക ഇടപെടൽ ഇറാഖിൽ അമേരിക്ക നടത്തിയത് ബഹു രാഷ്ട്ര മുതലാളിത്തം / നട കൊളോണിയലിസം എന്നൊക്കെ വിളിക്കാവുന്ന ലോക മുതലാളിത്ത സാഹചര്യത്തിൽ തന്നെയാണ്.

പക്ഷെ എന്തുകൊണ്ടാണ് ചരിത്രത്തിലേപോലെ ഇന്നും നമുക്ക് സമരോത്സുകമായി ഇത്തരം പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയാതെ പോകുന്നത് ? സമൂഹത്തിന്റെ ഹൃദയമിടുപ്പ് നിയന്ത്രിച്ചിരുന്ന കേരളത്തിലെ കാമ്പസുകൾ എന്തുകൊണ്ടാണ് മരണതുല്യമായ മൗനത്തിലേക്ക് ഊഴ്ന്നിറങ്ങുന്നത് ? ചരിത്രത്താളുകൾ വർത്തമാനത്തിൽ ചേക്കേറുമ്പോലെ ബാബരി മസ്ജിദിന്റെ തകർച്ച, ഗുജറാത്ത്, മാറാട്, മുത്തങ്ങ, പ്ലാച്ചിമട, കർഷക ആത്മഹത്യകൾ, രജനിമാരുടെ മരണം, അങ്ങിനെയങ്ങിനെ പലതും സംഭവിച്ചിട്ടും നമ്മൾക്കിതൊന്നും ചരിത്രാനുഭവമാകുന്നില്ല. അല്ലെങ്കിൽ ചരിത്രമെന്നാൽ നമുക്ക് മൺമറിഞ്ഞവരുടെ ഫോസിലുകൾക്കുപരി മറ്റൊന്നും അല്ലല്ലോ!

എഴുപതുകളിലെ കാമ്പസ്സ് ചരിത്രത്തോടൊപ്പം സഞ്ചരിച്ചതും രാഷ്ട്രീയ പരതയുടെ സർഗ്ഗാത്മക കേളികളാൽ മുഖരിതവുമായിരുന്നു എങ്കിൽ ഇന്നത്തെ കാമ്പസ്സിൽ തണുത്തുറഞ്ഞ മൗനമാണ് ഫ്രോസൺ ജനറേഷൻ പ്രതിഷേധങ്ങളുടെ ആക്രോശങ്ങൾ, പ്രകടനങ്ങളുടെ പ്രകമ്പനങ്ങൾ, മരത്തണലുകളിലെ സൗഹൃദം, കാന്റീനിലെ തമാശകൾ, ലൈബ്രറിയിലെ വായനയുടെ സജീവത ഒന്നുമില്ല. കോൺക്രീറ്റ് ചുമരുകൾക്കുള്ളിലിരുന്ന് അവനിന്ന് മറ്റാരുടെയോ സിലബസിനൊത്ത് ആട്ടം പഠിക്കുകയാണ്.

നില നിൽക്കുന്ന വ്യവസ്ഥിതിയുടെ സ്ഥിരത ഉറപ്പുവരുത്തുവാൻ വേണ്ടി പ്രസ്തുത വ്യവസ്ഥിതിക്ക് മാറ്റം വരുത്തുവാൻ സാധ്യമല്ലെന്ന അവബോധം ഉണർത്തുകയാണ് ഇന്നീ ചുമരുകൾക്കുള്ളിൽ വിദ്യാഭ്യാസം കൊണ്ടർത്ഥമാക്കുന്നത്.

പൊതു സമൂഹത്തിൽ നിന്നു അതിന്റെ പ്രശ്ന പരിസരങ്ങളിൽ നിന്നും അവനെ അന്യവത്കരിക്കുന്നു. **Interal Mark ന്റെ കൂരമ്പുകൾ ആണ് ഈ അന്യവത്കരണത്തിന്റെ കാരണം എന്നാണ് രണ്ടാം വർഷ ബി.കോം വിദ്യാർത്ഥിയായ ശിവാജി ഗണേശന്റെ വിലയിരുത്തൽ.** പ്രതികരണ ശേഷിയെ ഇല്ലാതാക്കുവാനും സാമൂഹ്യ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധതിരിക്കുവാനും ഉള്ള അധികാരികളുടെ തന്ത്രങ്ങളാണ് ഇതൊക്കെയെന്ന് വിദ്യാർത്ഥികൾ തിരിച്ചറിയുന്നുണ്ട്. പാഠപുസ്തകങ്ങളും സിലബസും ഒക്കെ ഇത്തരത്തിൽ രൂപപെടുത്തിയതാണെന്നാണ് ഒരു പറ്റം വിദ്യാർത്ഥികളുടെ അഭിപ്രായം.

പ്രതിഷേധങ്ങൾ ഉള്ളിലൊതുക്കി കഴിയുന്നവരുമുണ്ട്. ആരോടെങ്കിലും മനസ്സു തുറക്കണമെന്നാഗ്രഹിച്ചു നിന്നാലോ ഇതാ വരുന്നു. Internal Mark ന്റെ ഭീഷണികളുമായി അധ്യാപകർ, അടിപൊളി എൻജോയ്മെന്റ് സൂത്രവാക്യങ്ങളുമായി സഹപാഠികൾ.....

പിന്നെ പ്രണയം.... ഇന്നങ്ങനെയൊന്നും ഇല്ല. ഇന്നത്തെ പ്രണയത്തെ വിളിക്കാൻ മറ്റൊരു പേർ കണ്ടെത്തി 'പ്രണയം' എന്ന പേരിനെ ചരിത്രത്തിന്റെ ഏടുകളിൽ ഒളിപ്പിക്കേണ്ട കാലം കഴിഞ്ഞു. ഇന്നു പലർക്കും പ്രണയം ഒരു Time pass ആണ്. മൂന്നു മാസത്തിലൊരിക്കൽ പ്രണയിനിയെ മാറുന്ന പ്രണ

യിതാക്കൾ വരെ ഇന്നത്തെ കാമ്പസ്സിലുണ്ട്. ചോക്കളേറ്റുകളിലും പാലസിലെയും സ്വീറ്റ് ഹോമിലെയും ബിരിയാണികൾക്കുള്ളിലും കലക്കി ചേർത്ത പ്രണയങ്ങളേ നമ്മുടെ കാമ്പസുകളിലുള്ളൂ. **ഒന്നാം വർഷ കെമിസ്ട്രി വിദ്യാർത്ഥിയായ ജുമാന്റെ അഭിപ്രായത്തിൽ പുറംമോടികളുടെ ആഭാസത്തിനൊത്ത് കൂത്താടുന്നവർ! അല്ലാതെന്ത്? 'എല്ലാവരെയും പ്രണയിക്കുക' എന്ന കാഴ്ചപ്പാടാണ്. ഒന്നാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിയായ പ്രവീൺ കുമാറിന്റേത്.**

സ്വാതന്ത്ര്യസമര കാലത്ത് സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള സമരങ്ങളിൽ കാമ്പസ്സ് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട് എന്ന് ചരിത്രപുസ്തകങ്ങളിൽ എഴുതിവെച്ചത് മന:പാഠമാക്കി ഉയർന്ന മാർക്കോടെ പാസ്സായവരാണ് നാമെല്ലാം. ഇന്ന്, നിയോകോളോണിയൽ പരിസരത്ത് ക്യാമ്പസ്സിൽ അദ്ധ്യാപകർക്കോ വിദ്യാർത്ഥികൾക്കോ രാഷ്ട്രീയപ്രവർത്തനം പാടില്ല! ആരും ശബ്ദിക്കുന്നില്ല. രാഷ്ട്രീയത്തിന്റെ മുഖത്ത് കാർക്കിച്ചുതുപ്പി ഓരോ വിദ്യാർത്ഥിയും അധ്യാപകനും ക്ലാസ്സ് മുറിക്കടുത്തേക്കോടുന്നു. എന്തൊരു മാറ്റം !

**എഴുപതുകളിലോ എൺപതുകളിലോ ഉള്ള കാമ്പസല്ല ഇന്നത്തേതെന്ന് പ്രിൻസിപ്പാൾ പാഷ സാറും ആസാദ് ഹോസ്റ്റൽ വാർഡൻ മജീദ്സാറും ഒക്കെ ഒരുപാട് വട്ടം ആവർത്തിക്കുന്നു. ഇന്ന്, സമൂഹം അക്കാദമിക് കാര്യങ്ങളിൽ ചെലുത്തുന്ന സ്വാധീനം കുറയുകയും അക്കാദമിക് ചര്യകളൊക്കെ തന്നെ രാഷ്ട്രീയ വിരുദ്ധമാവുകയാണെന്ന് രണ്ടാം വർഷ ജീവശാസ്ത്ര വിദ്യാർത്ഥിനിയായ ഗോഷീലയുടെ അഭിപ്രായം.**

**രാഷ്ട്രീയ നിരോധനം കാമ്പസിൽ വിലപ്പോവില്ലെന്നാണ് രണ്ടാം വർഷ ബി.ബി.എ. വിദ്യാർത്ഥിനികളായ റെംസീന, സുചിത്ര, പ്രതിഭ എന്നിവരുടെ വിലയിരുത്തൽ. ക്യാമ്പസിലെ രാഷ്ട്രീയത്തിന്റെ അഭാവത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് രണ്ടാം വർഷ സോഷ്യോളജി വിദ്യാർത്ഥികളായ വിജീഷ്, സതീഷ് തുടങ്ങിയവർ വാചാലരാകുന്നു.** റാഗിംങ്ങിന്റെ തിരിച്ചുവരവും ഗ്യാങ്ങുകളുടെ രൂപീകരണവും ജാതിമത സംഘടനകളുടെ കടന്നുകയറ്റവുമെല്ലാം അവർ ചൂണ്ടിക്കാട്ടുന്നു.

ഇങ്ങനെ ഒരുപറ്റം സമൂഹത്തെ പൊതുസമൂഹത്തിൽ നിന്നടർത്തി മാറ്റി അക്കാദമിക് സമൂഹത്തിന്റെ വരേണ്യതയും പൊതുസമൂഹത്തോടുള്ള അയിത്തവും ഊട്ടിയുറപ്പിക്കപ്പെടുന്നു.

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് ക്യാമ്പസ്സുകളിൽ ശക്തമാണ്. ആധുനികതയുടെ കോമരങ്ങൾ കെട്ടിയാടുമ്പോൾ സ്വന്തമായൊന്നു ചുവടുവെക്കാൻപോലും ആവാത്തതിന്റെ മാനുഷിക വേദന വലുതാണ്. **പണമുള്ളവൻ ഷാർജാ ഷെയ്ക്കിൽ തന്റെ ഇണയോടൊപ്പം സ്നേഹം പങ്കുവെക്കുമ്പോൾ ഒരു ലൈമിലൊതുക്കുന്ന തങ്ങളുടെ പ്രണയത്തെക്കുറിച്ചും രണ്ട് ഇണ**



**FAWAS AHAMMED T.**

Ist BSc Statistics

21-02-1985 to 02-08-2003

*Tribute to our beloved....*
*You cant go away untill*
*You live in our sweet memories....*

**ക്കിളികൾ പേര് വെളിപ്പെടുത്തരുതെന്ന് ശഠിച്ച്കൊണ്ട് പറയുകയുണ്ടായി. റാങ്ക് ലഭിച്ചാൽപോലും പണം ഉള്ളവനുമാത്രം നിലനിൽക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ/സാമൂഹ്യവ്യവസ്ഥയാണ് ഇന്നുള്ളത് എന്നാണ് ഒന്നാം വർഷ ഫിസിക്സ് വിദ്യാർത്ഥിയായ ശരത്തിന്റെ കാഴ്ചപ്പാട്.** ഒറ്റപ്പെടുത്തലിന്റെയും അപകർഷതയുടെയും മനസ്സുകളുമായി ഇക്കൂട്ടർ ജീവിതത്തോടു പൊരുതുമ്പോൾ എപ്പോഴും അവരോടൊപ്പമായിരിക്കാൻ ശ്രമിക്കുന്ന ചുരുക്കം ചിലരും ഈ ക്യാമ്പസ്സിലുണ്ട്. പക്ഷെ ഭൂരിപക്ഷവും ഇതിനെക്കുറിച്ചൊന്നും ബോധവാൻമാരല്ല.

വിദ്യാഭ്യാസം വിവാഹത്തിനു മുമ്പുള്ള ഇടവേളയായി കരുതുന്നവരും ഉണ്ട് നമ്മുടെ ക്യാമ്പസ്സിൽ. **വിദ്യാർത്ഥിനികളെ പൊതുനേതൃനിരയിൽനിന്ന് മാറ്റി നിർത്തുന്നതിനോട് ശക്തമായി പ്രതികരിക്കണമെന്നാണ് ഒന്നാംവർഷ ബോട്ടണി വിദ്യാർത്ഥിനിയായ ധന്യയുടെയും രണ്ടാംവർഷ കെമിസ്ട്രി വിദ്യാർത്ഥിനിയായ ജംഷീറയുടെയും അഭിപ്രായം.** വിവാഹവും തങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുന്ന മറ്റേതു കാര്യവും സ്വയം തീരുമാനിക്കണമെന്ന അഭിപ്രായമാണ് കാമ്പസിലെ ഭൂരിഭാഗം വിദ്യാർത്ഥിനികൾക്കും. **പുരുഷമേധാവിത്വത്തിന്റേതായ ഒരു സാമൂഹ്യാനുഭവം കാമ്പസിൽ നിലനിൽക്കുന്നുണ്ടെന്നാണ് രണ്ടാംവർഷ ബി.കോം. വിദ്യാർത്ഥിനികളായ അഞ്ജനക്കും കൂട്ടർക്കുമുള്ള അഭിപ്രായം.**

**ഒഴിഞ്ഞുകിടക്കുന്ന ലൈബ്രറിയിലെ ഇരിപ്പിടങ്ങളും തന്നെ വായിക്കാത്തതിൽ മനം നൊന്തുകരയുന്ന ന്യൂസ് പേപ്പറുകളുടെയും ആവലാതികളാണ് ദ്വീപിൽനിന്നുള്ള ഒന്നാംവർഷ അറബിക് വിദ്യാർത്ഥിയായ ഷറഫുദ്ദീനും ഫിസിക്സ് വിദ്യാർത്ഥിയായ ഇമ്രാനും പറയാനുള്ളത്.** സിലബസ്സിൽ ഒതുങ്ങേണ്ടതല്ല വിദ്യാഭ്യാസം പക്ഷെ സിലബസ്സിൽ ഉള്ളതുപോലും പഠിച്ചുതീർക്കാനാവാതെ വരുമ്പോൾ നാമെന്തു ചെയ്യുമെന്നിവർ ചോദിക്കുന്നു.

വായനയുടെയും സാമൂഹിക ഇടപെടലുകളുടെയും പരിസരങ്ങൾ നമുക്കന്യമാവുമ്പോഴാണ് അവിടേക്ക് വർഗ്ഗീയതയുടെയും ഫാസിസത്തിന്റെയും അതിഥികൾ കടന്നുവരുന്നത്. കൊളോണിയൽ കാലത്ത് അത് അവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടിയെങ്കിൽ ഇന്ന് നിയോ കൊളോണിയൽ വ്യവസ്ഥ മുകളിൽ പറഞ്ഞതിനെയൊക്കെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയുമാണ് ചെയ്യുന്നത്.

വായനയുടെയും സാമൂഹിക ഇടപെടലുകളുടെയും പരിസരങ്ങൾ നമുക്കന്യമാവുമ്പോഴാണ് അവിടേക്ക് വർഗ്ഗീയതയുടെയും ഫാസിസത്തിന്റെയും അതിഥികൾ കടന്നുവരുന്നത്. കൊളോണിയൽ കാലത്ത് അത് അവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടിയെങ്കിൽ ഇന്ന് നിയോ കൊളോണിയൽ വ്യവസ്ഥ മുകളിൽ പറഞ്ഞതിനെയൊക്കെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയുമാണ് ചെയ്യുന്നത്.

ജാതിചിഹ്നങ്ങളുടെയും മറ്റും ശക്തമായ കടന്നുവരവ് ഇന്നത്തെകാമ്പസ്സുകളിൽ കണ്ടുവരുന്നുണ്ട്. ജാതി/മത നിരപേക്ഷ വിവാഹബന്ധങ്ങൾക്കൊന്നും അവർ തയ്യാറല്ല. എന്തിനാണ് ആവശ്യമില്ലാത്ത റിസ്ക് എടുക്കുന്നതെന്നാണ് ഭൂരിഭാഗം പേരുടെയും ചോദ്യം.

പൊലിഞ്ഞുകൊണ്ടിരിക്കുന്ന, ക്യാമ്പസ്സിന്റെ പ്രതാപത്തെയും ഊർജ്ജസ്വലതയേയും തിരിച്ചുപിടിക്കുകയും നിലനിർത്തുകയുമാണ് നമ്മുടെ കർത്തവ്യം എന്ന് ബോധ്യമുള്ളവരല്ല അധികവും.

**യഥാർത്ഥ ക്യാമ്പസ്സ് അനുഭവം ഇന്നത്തെ സിനിമകളിൽ പ്രതിഫലിക്കുന്നില്ലെന്നാണ് ഒന്നാംവർഷ സ്റ്റാറ്റിസ്റ്റിക്സിലെ മുരളി മനോഹർ പ്രസാദിന്റെ വീക്ഷണം. സെൻസേഷന്റെ ഇക്കിളിക്കോളത്തിൽ നമ്മുടെ വായനാശീലത്തെ തളച്ചിടുവാനും വസ്തുതകൾക്കു മുകളിൽ പുകമറ സൃഷ്ടിക്കുവാനും കെൽപുള്ള വിധത്തിൽ നമ്മുടെ മാധ്യമസംസ്കാരം രാഷ്ട്രീയ വിരുദ്ധം ആയിത്തീർന്നിരിക്കുന്നു എന്നാണ് ഒന്നാംവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി അഭിലാഷിന്റെ അഭിപ്രായം.**

മൂന്നാംലോക വിദ്യാഭ്യാസവും അതിന്റെ കലാലയങ്ങളും രൂപപ്പെടുന്നത് മുതലാളിത്വത്തിനധിഷ്ഠിതമായാണ്. അതിനുവേണ്ട സാമ്പത്തിക സഹായവും കൂടി ആവുമ്പോൾ അത് നിയോ കൊളോണിയലിസത്തിലെ കാമ്പസിന്റെ പ്രതിരൂപമാകുന്നു. ഇന്റേണൽ മാർക്കും രാഷ്ട്രീയ നിരോധനവും ഒക്കെ വരുമ്പോൾ ഇതിനെതിരെ എവിടെയെങ്കിലും തിളച്ചുമറിയുന്ന രോഷത്തിന്റെ അഗ്നികുണ്ഡങ്ങൾ രൂപപ്പെടുന്നുണ്ടോ....? ഈ ചോദ്യത്തിനുത്തരം തരാതെ ഇനി ക്യാമ്പസ്സുകൾക്കധിക കാലം മുന്നോട്ടു പോകാനാവില്ല.

*-മാഗസിൻ സമിതി*

## ഹോസ്റ്റലുകളിലൂടെ

സബ്ന എ.ബി. (ബി.എസ്.സി. സുവോളജി, രണ്ടാം വർഷം)

ഫാറൂഖ് കോളേജിന്റെ ഒഴുച്ചുകൂടാനാവാത്ത ഭാഗമാണ് ഹോസ്റ്റലുകൾ. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള നൂറുകണക്കിന് കുട്ടികൾ മൂന്ന് വനിതാ ഹോസ്റ്റലുകളിലും നാല് ബോയ്സ് ഹോസ്റ്റലുകളിലുമായി താമസിച്ച് പഠിക്കുന്നു. വിവിധ സംസ്കാരങ്ങൾ ഉൾക്കൊണ്ടവർ, വിവിധ ജീവിതശൈലികൾ പാലിക്കുന്നവർ, വിവിധ ഭാഷാരീതി കൈക്കൊണ്ടവർ - ഇവരെല്ലാം ഒന്നിച്ചു പഠിക്കുമ്പോഴുണ്ടാകുന്ന കൂടിച്ചേരൽ. സമന്വയം, സമത്വം ഇതൊക്കെയാണ് ഹോസ്റ്റൽ ജീവിതത്തിന് മിഴിവേകുന്നത്.

ഈ സംസ്കാര - ഭാഷാ - ജീവിത ശൈലികളെക്കുറിച്ച് മനസിലാക്കുന്നത് എന്തുകൊണ്ടും രസകരമാണ്. ഹോസ്റ്റലിലെ ഒരു ദിവസം ശ്രദ്ധിച്ചാൽ തന്നെ നമുക്കത് മനസിലാക്കാം. കേരളത്തിന് വടക്കു മുതൽ തെക്കു വരെയുള്ള ഭാഷാശൈലികളും സംസാരരീതികളും ഹോസ്റ്റലിന്റെ അകത്തളങ്ങളിൽ മുഴങ്ങിക്കേൾക്കുന്നത് ശ്രദ്ധിക്കൂ.

> കേരളത്തിന് വടക്കു മുതൽ തെക്കു വരെയുള്ള ഭാഷാശൈലികളും സംസാരരീതികളും ഒരു ഹോസ്റ്റലിന്റെ അകത്തളങ്ങളിൽ മുഴങ്ങിക്കേൾക്കുന്നത് ശ്രദ്ധിക്കൂ.

ഹോസ്റ്റലിലെ ഞങ്ങളുടെ ഓരോ ദിവസവും ആരംഭിക്കുന്നത് വെള്ളമില്ല എന്ന പതിവു പല്ലവിയുമായാണ്. ഒരു പക്ഷേ അത് തുടങ്ങുന്നത് ഇങ്ങനെയായിരിക്കും.

'ഓ, നീനാ - വള്ളം കയ്ഞ്ഞ്ന്. ഇനി എന്ത്വാ ചെയ്യാ'

'ഈശോയേ, അപ്പഴേ ഞാൻ പറഞ്ഞില്ലാരുന്നോ വെള്ളം കൊറഞ്ഞത് ഒരു ബക്കറ്റിലെങ്കിലും എടുത്തു വെയ്ക്കാമെന്ന് അതെങ്ങനാ കേക്കുകേലല്ലോ'.

നീനയുടെ മാത്രമല്ല, എല്ലാ കോട്ടയത്തുകാരുടെയും സംസാര ശൈലി ഇങ്ങനെയാണ്. അവർക്കെന്തും കഴിയുമെന്നുള്ള ഒരു ആത്മവിശ്വാസം അവരുടെ സംസാരത്തിൽ നിന്നും മനസിലാകാറുണ്ട്. 'എന്നതാ', 'ഒന്നുമില്ലെന്നേ' 'താനൊന്നു പോയേ' - ഇത്തരം ശൈലികൾ അവരുടെ സ്വന്തമാണ്.

എന്നാൽ പല്ലവിയുടെ കണ്ണൂർ ഭാഷ വളരെ രസം തന്നെയാണ്. മലയാള ഭാഷയെ ഒന്ന് 'വായിലിട്ടുരുട്ടുന്ന' പ്രതീതിയാണ് ഇവരുടെ സംസാരത്തിൽ നിന്ന് നമുക്കുണ്ടാകുക. മറ്റേതോ ഭാഷയിൽ നിന്നാണോ നമ്മുടെ ഭാഷ ഉരുത്തിരിഞ്ഞു വന്നതെന്നു വരെ സംശയം തോന്നാറുണ്ട്. 'ഇഞ്ഞ്', 'ഓറ്', 'അനക്ക്', 'വന്നിന്', 'പോയിന്' തുടങ്ങിയ ശൈലികൾ ചില ഉദാഹരണങ്ങൾ മാത്രം.

പക്ഷേ മലബാറിന്റെ ആസ്ഥാനമെന്ന് കരുതപ്പെടുന്ന കോഴിക്കോടിന്റെ ശൈലി അത് അസൽ മാപ്പിളശൈലി തന്നെയാണ്. സുബീനയുടെ ശൈലി ശ്രദ്ധിച്ചാൽ,

"ആവൂ, ഞാൻ കയ്ച്ചലായി, ഇല്ലെങ്കിൽ ഇങ്ങളെപ്പോലെ സുയ്പ്പാവൂലായ്നോ. ഇങ്ങള് പോയിറ്റ് കയും മോറും കയ്കി പോരീ കുളക്കാനിച്ചേലില്ന്നായാലും കയ്യൂല". മാപ്പിളപ്പാട്ടിന്റെ ഇശൽ പോലെ മനോഹരമായ താളനിബദ്ധത. അച്ചടി ഭാഷയല്ലങ്കിൽ കൂടി ഒരു കോഴിക്കോട്ടുകാരന്റെ സംസാരം കേട്ടിരിക്കാനിമ്പമുള്ളതാണ്. സിനിമയിൽ നമുക്കിഷ്ടമുള്ള മാമുക്കോയയുടെയും പപ്പുവിന്റെയും സംസാരശൈലി ഒന്നോർത്തുനോക്കൂ. കോഴിക്കോട്ടുകാർ എപ്പോഴും ശ്രദ്ധിക്കപ്പെടുന്നത് അവരുടെ സൗഹൃദ രീതിയിലുള്ള സംസാരം കൊണ്ടാണ്. ഏത് പ്രായം കുറഞ്ഞവരോടായാലും സംസാരത്തിലൂടെ ബഹുമാനം രേഖപ്പെടുത്താൻ അവർ ശ്രദ്ധിക്കാറുണ്ട്. 'ഇങ്ങള്', 'വരീ', 'ഇരിക്കീ' എന്നിങ്ങനെയുള്ള ശൈലികൾ കോഴിക്കോട്ടുകാരെ മറ്റുള്ളവരിൽ നിന്നും തികച്ചും വിത്യസ്തരാക്കുന്നു. ആരെയും സ്വാഗതം ചെയ്യാൻ കോഴിക്കോട്ടുകാർക്ക് ഒരിക്കലും മടിയില്ല.

പ്രഭാതകൃത്യങ്ങൾ 'വെള്ളമില്ലാതെയും' എങ്ങനെയെങ്കിലും 'അഡ്ജസ്റ്റ്' ചെയ്ത് മെസ്സിൽ എത്തിയാലോ അവിടെയും കേൾക്കാം പതിവു പരാതിപ്പെട്ടി പെറ്റീഷനുകൾ !

> ഭാഷാ ശൈലികൾ ചർച്ച ചെയ്യുമ്പോൾ എടുത്തുപറയേണ്ട ഒരു ജില്ലയാണ് മലപ്പുറം.

"ഹാവൂ, എന്നൂട്ട് ഭക്ഷണാന്റെ ഇഷ്ടാ. കോൺവെന്റില് ഇതിലും ഭേദായിരുന്നുട്ടാ. ഇഡ്ല് എങ്ങനെ നോക്കീട്ടും അങ്ങട് ഒത്തുകൊണ്ടോവാൻ പറ്റ്ണില്ലാ. പരാതി കൊടുത്ത് മടുത്തു.". ഇത് തൃശൂർക്കാരി മേരിച്ചേച്ചി. ഇവരുടെ കാര്യം ബഹുരസമാണ്. കാര്യങ്ങളൊക്കെ പെട്ടെന്ന് പറഞ്ഞ് തീരും. ചിലപ്പോഴൊക്കെ തോന്നും എല്ലാവരും തൃശൂർക്കാരെ പോലെ സംസാരിച്ചാൽ സമയം ഏറെ ലാഭിക്കാമെന്ന്. സംസ്കാരിക കേരളത്തിന്റെ ആസ്ഥാനമായ തൃശൂരിന്റെ തിരക്കും ഊർജ്ജസ്വലതയും വിളിച്ചോതുന്നതാണ് ഇവരുടെ സംസാരം. ഓജസുറ്റ ഒരു മലയാളിയെയാണ് നമുക്ക് ഒരു തൃശൂർക്കാരനിൽ കാണാൻ കഴിയുക.

ഭാഷാ ശൈലികൾ ചർച്ച ചെയ്യുമ്പോൾ എടുത്തുപറയേണ്ട ഒരു ജില്ലയാണ് മലപ്പുറം. പിന്നോക്കം നിന്നിടത്തുനിന്നും ഈയടുത്ത് പുരോഗമിച്ചു കഴിഞ്ഞ ഒരു ജില്ലയാണിത്. ആപ്രകൃതം അവരുടെ ഭാഷയിലും തെളിഞ്ഞു കാണാം. ഹോസ്റ്റലുകളുടെ ഇടനാഴികളിലും മുറികളിലും ചിലപ്പോൾ കോൽക്കളിമേളം പോലെ ഈ സംസാരശൈലി കേൾക്കാം. സായാഹ്നങ്ങളിലെ വിശ്രമ വേളകളിൽ ഒരു ദിവസം സുഹൈല പറയുന്നത് ഞാൻ കേട്ടു. "എടീ, ബളേ, അനക്ക് ഒരു കാര്യം കേക്കണോ. ഇന്ന് ഞാൻ കോളേജിൽന്ന് വരുമ്പല്ല്യേ രണ്ട് കുണ്ടമ്മാര് ഇന്റെ വയ്താലെ വന്ന് മക്കാറാക്കി. ഹമ്ക്ക്കള്. ഓല്ക്കറിയാഞ്ഞിറ്റാ, അല്ലേല് ഇന്റെ ഒരിക്കാക്ക തെകച്ചും ബേണ്ട, ഓനെയൊക്കെ നെലംപറ്റിക്കാൻ. കുജ്ജിലിട്ട് മൂടിക്കാളും, ആ്ഹാ... വരും ഓരോന്ന് മന്സനെ മെനക്കെടുത്താൻ".

മലപ്പുറംകാരുടെ കലപില സംസാരമൊന്നും തിരുവനന്തപുരംകാരി ഗിരിജയ്ക്കിഷ്ടപ്പെടാറില്ല. "എന്ത്രടേ ഇത്. ഇവിടെ അടുത്താള്ളവർക്കൊന്നും റൂമിലിരിക്കണ്ടേ. ഞങ്ങളും കാശുകളൊക്കെ കൊടുത്തിട്ടല്ല്യോ പഠിക്കുന്നേ". ആരെയും കൂസാത്ത ഒരു ഭാവമാണ് തിരുവനന്തപുരംകാരുടെ ശൈലിയിൽ നിന്നും മനസിലാവുക. കേരളത്തിന്റെ തെക്കേ അറ്റത്തുള്ള നമ്മുടെ തലസ്ഥാന നഗരിയിൽ നിന്നുമായതുകൊണ്ടായിരിക്കാം. ആ ഒരു നിസാരഭാവം എപ്പോഴും അനന്തപുരിക്കാരുടെ സ്വന്തം ! നമ്മുടെ ഹോസ്റ്റലുകളിൽ തിരുവനന്തപുരംകാർ വളരെ വിരളമായേ എത്തിപ്പെടാറുള്ളൂ.

വയനാട്, കാസർകോട് ജില്ലകളിൽ നിന്നുമുള്ളവരും ഈ കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നുണ്ട്. കുടിയേറിപാർക്കുന്നവരുടെ ഒരു സമൂഹമാണ് ഈ ജില്ലകളിൽ ഭൂരിഭാഗവും. മറ്റു ജില്ലകളിൽ നിന്നും കാർഷിക വൃത്തിക്കും മറ്റ് ജോലികൾക്കുമായി എത്തിയവരാണിവിടങ്ങളിലുള്ളത്. ഇവരുടെ സംസാരശൈലി അതുകൊണ്ടുതന്നെ വേറിട്ടു നിൽക്കുന്നതല്ല. എങ്കിലും ഒരോ ജില്ലയുടെയും തനിമ വിളിച്ചോതുന്ന ഒരു പ്രത്യേകത വളരെ ചെറിയ തോതിൽ ഇവരിലും കാണാം.

പിന്നീട് ഹോസ്റ്റലുകളിൽ ശ്രദ്ധിക്കപ്പെടുന്ന മറ്റൊരു ശൈലിയാണ് ലക്ഷദ്വീപുകാരുടേത്. യഥാർത്ഥത്തിൽ അവരുടെ ഭാഷ തന്നെ വ്യത്യസ്തമാണ്. എങ്കിലും മലയാളത്തിന്റെ വേരുകൾ അവരുടെ സംസാരത്തിലും ഉണ്ടാകാറുണ്ട്. ചിലപ്പോൾ തമിഴ്ചുവയിലും ഇവർ വാക്കുകൾ പ്രയോഗിക്കാറുണ്ട്. നിത്യസംസർഗ്ഗത്തിലൂടെ ഇവരുടെ സംസാരം ശരിക്കും മനസിലാക്കിയെടുക്കാം. നമുക്കിവരുടെ സംസാരമൊന്ന് ശ്രദ്ധിക്കാം. ആയിഷയ്ക്ക് വീട്ടിൽ പോകണം. അതിനു മുൻപ് ഭക്ഷണം കഴിക്കണം. അതിന് അവർ കൂടെയുള്ള ആരെയെങ്കിലും വിളിക്കുന്നത് ഇങ്ങനെ.

"ലേ.... സാബീ.... കുളിച്ചിറ്റാ..... ശോറ് ബൈടാൻ ബാ. ശോറ് ബൈട്ടച്ച് നാക്ക ഫിരക്ക് (വീട്ടിലേക്ക്) ഫൂവ്വോണ്ടിയതാണ്ടം". അതിഥികളോട് ഇവർ എപ്പോഴും പറയാറുള്ള ഒരു സ്ഥിരം വാചകമാണ് താഴെ പറയുന്നത്. ഒരു മലയാളിക്ക് ഇതു കേട്ടാൽ തികച്ചും ഒരു അതിശയോക്തി തോന്നാനിടയുണ്ട്. ഇങ്ങനെയാണത്. "തുപ്പല് ശായ കുടിച്ചോ" (കുറച്ച് ചായ കുടിച്ചോ). ഇത് ശരിക്കും 'ജസരി' ഭാഷയാണ്. ഈ ഭാഷയിൽ ധാരാളം മലയാളം വാക്കുകൾ കടന്നുവരാറുണ്ട്.

പക്ഷേ 'മഹൽ' ഭാഷ എന്നത് തികച്ചും വേറിട്ട ഒരു ഭാഷയാണ്. ആ ഭാഷയിലെ ചില വാചകങ്ങൾ താഴെ പറയുന്നു.

തിബാ നം കേക്കതേ

- *നിന്റെ പേരെന്താ*

കൊന്താക്തേ ദണി

- *എങ്ങോട്ടാ പോകുന്നേ*

കീനത്തേ

- *സുഖമാണോ*

യഥാർത്ഥത്തിൽ കേരളത്തിലെ മറ്റ് ജില്ലകളെ കുറിച്ചറിയാൻ നമുക്ക് പല മാർഗ്ഗങ്ങളുമുണ്ട്. എന്നാൽ ദ്വീപിലെ വിശേഷങ്ങൾ അവിടെ നിന്നുള്ള വിദ്യാർത്ഥികളിൽ നിന്നേ നമുക്കറിയാൻ കഴിയൂ. അവിടത്തെ കാലാവസ്ഥ, സഞ്ചാരം, ജോലികൾ, രീതികളൊക്കെ നമുക്ക് അറിയാൻ സാധിക്കുന്നു.

ഇങ്ങനെ ഇന്ത്യയിൽ നാനാത്വത്തിൽ ഏകത്വം എന്ന പോലെ ഹോസ്റ്റലുകളിലും ഒരു ഏകത്വം ദൃശ്യമാകുന്നു. എന്നാൽ ഈ ഐക്യം ഏതൊക്കെയോ അതിർവരമ്പുകളാൽ നമ്മുടെയൊക്കെ മനസിനെ ബന്ധനസ്ഥരാക്കാറില്ലേ എന്നൊരു തോന്നൽ. കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് എന്തൊക്കെയോ ഒലിച്ചുപോകുന്നുവെന്ന് തോന്നാറുള്ള ഈ സന്ദർഭത്തിൽ നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും നിലവറയിൽ നിന്നും ഒന്നും നഷ്ടപ്പെടരുതേ എന്ന് നമുക്കാശിക്കാം.

സൗഹൃദത്തിന്റെയും സംസ്കാരത്തിന്റെയും ഐക്യത്തിന്റെയും ഒക്കെ വിളനിലമായ ഹോസ്റ്റലുകളിൽ നിന്നും ഓരോ വർഷവും ഇറങ്ങുന്ന വിദ്യാർത്ഥികളുടെ മനസിലെന്തായിരിക്കും ?

"ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം, ഇന്ദ്രധനുസ്സിൻ തൂവൽ പൊഴിയും തീരം

ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മംകൂടി, എനിക്കിനിയൊരു ജന്മംകൂടി"

## അകക്കണ്ണിന്റെ വീക്ഷണങ്ങൾ

മധു കിഷോർ (ബി.ബി.എ. രണ്ടാം വർഷം)

പ്രകാശ കിരണങ്ങൾ കടന്നുവരാത്ത കണ്ണുകളെ തടവിക്കൊണ്ട് 'പടച്ചോൻ പടച്ചപ്പോൾ കണ്ണുകൂടി വയ്ക്കാൻ മറന്നുപോയി' എന്ന് രണ്ടാം വർഷ മലയാളം വിദ്യാർത്ഥിയായ 'ഖാലിദ്' തമാശ രൂപത്തിൽ പറഞ്ഞ് ചിരിക്കുമ്പോൾ എന്നെ അത്ഭുതപ്പെടുത്തിയതും ചിന്തിപ്പിച്ചതും കണ്ണില്ലാത്ത ഇവർ എങ്ങനെ ലോകത്തെയും ജിവിതത്തെയും മനസ്സിലാക്കുന്നു എന്നതിനെ കുറിച്ചാണ്.

രൂപങ്ങളന്യമായ ഒരു വീക്ഷണത്തിൽ ശബ്ദവും ഗന്ധവും സ്പർശനവും കുറച്ച് ഊഹങ്ങളും കൂടിയാവുംമ്പോൾ ഞങ്ങൾ സാധാരണക്കാർക്കൊപ്പമെത്തുന്നു. എന്നാണ് രണ്ടാം വർഷ മലയാളം വിദ്യാർത്ഥിനികളായ ശുഭയും ആരിഫയും നിസ്തർക്കം സ്ഥാപിക്കുന്നത്.


ഇടയ്ക്കു വച്ച് കാഴ്ച നഷ്ടപ്പെട്ട ആളുകളായതുകൊണ്ട് ഞങ്ങളുടെ സ്വപ്നം ജന്മനാ പൂർണ്ണമായി അന്ധരായവരിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ജന്മനാ പൂർണ്ണ അന്ധനായ ഒരാൾ സ്വപ്നം കാണുമ്പോൾ ഒന്നും കാണുകയില്ല. മറിച്ച് അശരീരിയെന്നോണം അവിടുന്നുമിവുടുന്നുമൊക്കെയായി ചില ശബ്ദങ്ങൾ കേൾക്കാം. ഞങ്ങളെപ്പോലെ ഇടയ്ക്ക് വച്ച് കാഴ്ച നഷ്ടപ്പെട്ടവർക്കും ഭാഗികമായി കാഴ്ചയുള്ളവരും സ്വപ്നം കാണുന്നത് സാധാരണ മനുഷ്യരുടെ സ്വപ്നത്തിൽ നിന്ന് വ്യത്യാസമുണ്ടാവില്ല, എന്ന് രണ്ടാം വർഷ സോഷ്യോളജി വിദ്യാർത്ഥിയായ സതീശനും നിയാസും സ്വപ്നത്തെക്കുറിച്ച് ചോദിച്ചപ്പോൾ തന്നെ വിശദീകരിച്ചു.

ജന്മനാ പൂർണ്ണ അന്ധനായ ഒരാൾ സ്വപ്നം കാണുമ്പോൾ ഒന്നും കാണുകയില്ല. മറിച്ച് അശരീരിയെന്നോണം അവിടുന്നുമിവുടുന്നുമൊക്കെയായി ചില ശബ്ദങ്ങൾ കേൾക്കാം.


ഇളം നിറങ്ങളുള്ള ഷർട്ടാണ് ഞങ്ങൾക്കേറെ ഇഷ്ടം എന്ന് രണ്ടാം വർഷ ഇംഗ്ലീഷ് ക്ലാസ്സിലെ ഇരുസഹോദരരായ അക്ബറും ഹബീബും പറഞ്ഞപ്പോൾ എനിക്കാശ്ചര്യം തോന്നി. കാരണം കണ്ണു കാണാത്ത ഇവർക്കെങ്ങനെ നിറങ്ങളെക്കുറിച്ച് സങ്കൾപിക്കാനാകുന്നു. നിറങ്ങൾ ഞങ്ങളുടെ സങ്കൽപത്തിനതീതമാണ്. അതുകൊണ്ട് നിറങ്ങളെക്കുറിച്ച് ഞങ്ങളുടെ അഭിപ്രായം വീട്ടുകാരോടും സുഹൃത്തുക്കളോടും കടപ്പെട്ടിരിക്കുന്നു എന്നിവർ വിശദീകരിച്ചപ്പോൾ ഇവർ കണ്ടെത്തിയതു പോലുള്ള നല്ല സഹചാരികൾ അന്യമായ പുത്തൻ തലമുറയെക്കുറിച്ചോർത്തു ഞാൻ സഹതപിക്കുന്നു.

അവളെയൊന്നു ലൈനടിച്ചാലോ... കോളേജു കുമാരൻമാരുടയും പതിവു ഭാഷയിൽ ചർച്ച പുരോഗമിച്ചപ്പോഴാണ് ഞാൻ എന്റെ സംശയം പ്രകടിപ്പിച്ചത്. പിന്നൊയൊരു പത്തു മിനുട്ട് നീണ്ട ചൂടേറിയ വാഗ്‌വാദമായി. അന്ധരുടെ സൗന്ദര്യാസ്വാദനം ശബ്ദത്തിലൂടെയാണെന്നും ഇത് ഓരോരുത്തർക്കും വ്യത്യാസപ്പെട്ടിരിക്കുമെന്നും ഗിരീഷ് പറഞ്ഞപ്പോൾ നല്ല മാധുര്യമുള്ള ശബ്ദത്തോടുകൂടിയവളെയാണ് ഞാൻ നല്ലകുട്ടിയായി കാണുന്നതതന്നായി രണ്ടാം വർഷ മലയാളം വിദ്യാർത്ഥിയായ ഏലിയാസ്.

കുതിരയ്ക്ക് കൊമ്പും എനിക്കുകണ്ണും ദൈവം തരില്ല എന്ന് സതീശൻ പലപ്പോഴായി പറയാറുണ്ട്. ഒരു പക്ഷേ ഇന്നിവരുടെ ചെയ്തികൾ കണ്ടിട്ട് കണ്ണുണ്ടായിരുന്നെങ്കിൽ ലോകത്തെ തന്നെ ധീരമായി നയിക്കുന്ന വ്യക്തിത്വങ്ങളായി ഇവർ മാറുമായിരുന്നുവെന്നതിൽ എനിക്ക് സംശയമില്ല. കാരണം ഇന്നിവർ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും റാങ്കോടെ പാസാവുന്നു. ഓർഗണും തബലയും അങ്ങനെ സംഗീത സാമ്രാജ്യം മുഴുവനും ഇവർ കീഴടക്കിക്കൊണ്ടിരിക്കുന്നു. എന്തിനേറെ ആധുനികതയുടെ ചിഹ്നമായ കമ്പ്യൂട്ടർ പോലും ഇന്നിവർക്ക് മുമ്പിൽ വഴങ്ങിയിരിക്കുന്നു. ഇന്ന് അന്ധവിദ്യാർത്ഥികൾ ഏറ്റവും കൂടുതലാഗ്രഹിക്കുന്ന കോളേജായി ഫാറൂഖ് കോളേജ് മാറിയെന്ന് ഇവരുടെ അംഗ സംഖ്യ കാണിക്കുന്നെങ്കിൽ അത് ഇക്കൂട്ടരും ഫാറൂഖ് കോളേജും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ ഫലമാണെന്ന് ഇവർ ആണയിടുന്നു. ❖




# മുഹമ്മദ്കുട്ടി – കരവിരുതുമായ്...



അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മോഡലിനരികിൽ മുഹമ്മദ്കുട്ടി


ജീവിതം തന്നോടു കാണിക്കുന്ന ക്രൂരതകളോട് പടപൊരുതുന്ന ഒരു പാടു പേരുടെ സങ്കേതം കൂടിയാണ് ഫാറൂഖ് കോളേജ്. പോളിയോ ബാധിച്ച് അരയ്ക്കു കീഴ്പ്പോട്ട് തളർന്നുപോയ മുഹമ്മദ്കുട്ടി (ബി.കോം. മൂന്നാം വർഷം) ഇന്ന് കാമ്പസ്സിലെ സീനിയർ മോസ്റ്റാണ്. പ്രീഡിഗ്രിമുതൽ ഫാറൂഖ് കോളേജിലാണ് ജീവിതം. കൈ കുത്തി നടക്കുമ്പോഴും ആ കൈകളിൽ വിരിയുന്ന വാസ്തു വിദ്യകൾ അതിമനോഹരങ്ങളാണ്.

പരിമിതികൾക്കപ്പുറം നിന്നു പ്രവർത്തിക്കുന്ന മുഹമ്മദ്കുട്ടിയുടെ ജീവിതം ഇന്നത്തെ ലോകത്തിനൊരു മാതൃകയാണ്. ❖



# COLLEGES WITH POTENTIAL FOR EXCELLENCE
## ഒരു വിലയിരുത്തൽ

ഇന്ത്യയിലെ 47 കോളേജുകളെ 'യു.ജി.സി. കോളേജസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്' ആയി തിരഞ്ഞെടുത്തപ്പോൾ കേരളത്തിൽനിന്നും ആകെ 6 കോളേജുകൾ മാത്രമാണുള്ളത്. ഇതിൽ കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിൽനിന്ന് ഈ അംഗീകാരം കിട്ടിയ ഏക കോളേജ് എന്ന ബഹുമതി ഫാറൂഖ് കോളേജിനു സ്വന്തം. ഈയൊരംഗീകാരം കോളേജിനെത്തേടിയെത്തിയത് പ്രധാന കാരണം 2003ൽ യൂനിവേഴ്സിറ്റി മുഖേന യു.ജി.സി.ക്കു സമർപ്പിച്ച പദ്ധതികളുടെ ഗുണമേന്മ തന്നെയാണ്. മറ്റെല്ലാ ക്യാമ്പസുകളിൽനിന്നും വിഭിന്നമായ വീക്ഷണത്തോടുകൂടി ഫാറൂഖ് കോളേജിൽ തുടക്കം കുറിച്ച ഇൻഫോർമാറ്റിക് സെന്റർ, ഓഡിയോ വിഷ്വൽ തിയ്യേറ്റർ, ലാംഗ്വേജ് ലാബ്, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സംരംഭങ്ങളും NAAC ന്റെ പഞ്ചനക്ഷത്ര പദവിയും ആർ.ശങ്കർ അവാർഡുകളും ബി-സോൺ, ഇന്റർ സോൺ കിരീടങ്ങളും ഫോർഡ് ഫൗണ്ടേഷന്റെ പദ്ധതിയും, ഏറ്റവും ബൃഹത്തായ പന്ത്രണ്ടോളം പി.ജി. ഡിപ്പാർട്ടുമെന്റടങ്ങിയതും അതിൽ തന്നെ 5 റിസർച്ച് സെന്ററുകളുമടങ്ങിയ വിവിധ കോഴ്സുകളും സർവ്വോപരി പകുതിയിലധികം വിദ്യാർത്ഥികളെ താമസിപ്പിച്ചു പഠിപ്പിക്കുന്ന ഏറ്റവും വലിയ റസിഡൻഷ്യൽ കോളേജ് എന്ന ബഹുമതിയുമൊക്കെയാണ് ഒരു കോടിയോളം രൂപയുടെ ഗ്രാന്റിന്റെ കടന്നുവരവിന് വഴി തെളിയിച്ചത്. ഇങ്ങനെ തുടങ്ങിവെച്ചതും ആരംഭിക്കാനുള്ളതുമായ ഫാറൂഖ് കോളേജിന്റെ സ്വപ്നങ്ങളുടെ യാഥാർത്ഥ്യവൽക്കരണമാണ് ഈയൊരു പദ്ധതിയിലൂടെ അർത്ഥവത്താകുന്നത്.



ഇത് ഭൂതകാലത്തിനുള്ള അംഗീകാരം മാത്രമല്ല. വർത്തമാന കാലത്തിന്റെ ഉത്തരവാദിത്തവും ഭാവികാലത്തിന്റെ ബാധ്യതയുമാണ്. ഇതിന്റെ ഗുണഭോക്താക്കളാകുന്നത് വർത്തമാനകാലത്തിന്റെ വെല്ലുവിളികൾ സ്വീകരിക്കാൻ തയ്യാറാവുന്ന മിടുക്കരായ വിദ്യാർത്ഥികളും അധ്യാപകരുമായിരിക്കും. യു.ജി.സി.യുടെ മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനങ്ങളെ വിലയിരുത്താൻ ക്യാമ്പസ്സിൽ കടന്നുവരുമ്പോൾ പദ്ധതികൾ കടലാസിൽ മാത്രം ഒതുങ്ങിയാൽ ഇപ്പറഞ്ഞതൊക്കെയും ഒരു സ്വപ്നമായി കരുതി സമാധാനിക്കാനേ നിവൃത്തിയുണ്ടാവുകയുള്ളൂ.

മൂന്നു ഘട്ടങ്ങളിലായിട്ടാണ് ഈ പദ്ധതികളിലൂടെ ഫാറൂഖ് കോളേജ് വികസനം ലക്ഷ്യം വെയ്ക്കുന്നതെന്ന് പ്രിൻസിപ്പൽ പ്രൊഫ. കുട്ട്യാലിക്കുട്ടി വിശദീകരിച്ചു.

**1. അടിസ്ഥാന സൗകര്യ വികസനം:**

കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ഇതിലുൾക്കൊള്ളുന്നത്. ഓഫീസ് ഓട്ടോമേഷൻ, ലാബ് നവീകരണം, ലാംഗ്വേജ് ലാബ്, ലൈബ്രറിയിൽ പുസ്തകങ്ങളും കംപ്യൂട്ടർ നെറ്റ്വർക്കും, ഹെൽത്ത് ക്ലബ്ബിന്റെ വിപുലീകരണം, പബ്ലിക്കേഷൻ ഡിവിഷൻ തുടങ്ങി നവീകരിക്കേണ്ടതും തുടക്കം കുറിക്കേണ്ടതുമായ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തത്.

**2. പഠനത്തിന്റെയും പഠിപ്പിക്കലിന്റേയും നവീകരണം.**

ഇതിലധികവും അധ്യാപക കേന്ദ്രീകൃതമായ പ്രവർത്തങ്ങളാണ് ലക്ഷ്യം വെയ്ക്കുന്നത്. നിലവിലുള്ള രീതിയിൽനിന്ന് വ്യത്യസ്തമായി ഇത് നവീന പദ്ധതികളുൾക്കൊള്ളുന്നു. പഠന സാമഗ്രികകളുടെയും പഠിപ്പിക്കൽ രീതികളുടെയും പുതിയ പാത ഇത് തുറക്കുന്നു. Workshop on computation physics, Mathematical Economics, Programmes for entrepreneurial development, Fellowship cum travel grand to visit research centres, Mathematical question bank തുടങ്ങി നിരവധി പദ്ധതികളാണ് ഇതിലൂടെ സാർത്ഥകമാകുന്നത്.

**3. നവീന ആശയങ്ങളുടെയും പദ്ധതികളുടെയും പരീക്ഷണം.**

ഇതുകൊണ്ടുദ്ദേശിക്കുന്നത് വിദ്യാർത്ഥികളുടെ Total improvement programmes ആണ്. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള പ്രോഗ്രാമുകളും 'Day with genius' എന്ന പേരിൽ പ്രതിഭാശാലികളായ വ്യക്തികളുടെ കൂടെ ഒരു ദിനം മുഴുവൻ ചെലവഴിക്കുന്ന പദ്ധതിയും ബിരുദത്തോടൊപ്പം, തൊഴിലധിഷ്ടിത കോഴ്സുകളും കുട്ടികൾക്കായി വിഭാവനം ചെയ്യുന്നു.

പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് പങ്കാളിത്ത ഗ
ഷണവും ഇതവതരിപ്പിക്കുന്നു. കുട്ടികളുടെ കഴിവു
ളെയും വീക്ഷണങ്ങളേയും വളർത്തിയെടുക്കാനുള്ള
വധി പദ്ധതികൾ ഇതുൾക്കൊള്ളുന്നു.

പത്താം പദ്ധതിയുടെ ഭാഗമായി ലഭിച്ച ഈ പ്രോ
2007 മാർച്ച് മാസം അവസാനിക്കുമ്പോൾ, ഇന്ത്യയി
തന്നെ ഏറ്റവും മികച്ച അക്കാദമിക് ക്യാമ്പസായിരി
ഫാറൂഖ് കോളേജ്.

❖

*–മാഗസിൻ സ*